(ബി) ഇവിടത്തെ നിർമ്മാണ പ്രവൃത്തികൾക്ക് ഏതിനെങ്കിലും ഇനിയും ഭരണാനുമതി നൽകാനുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുളങ്കുന്നത്തുകാവ് കൃാമ്പസിൽ മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടം പ്രവർത്തനമാരംഭിക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ വിഭാഗവും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കൗൺസിലിംഗ് ക്ലിനിക്കും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉടൻതന്നെ ഫിസിക്കൽ മെഡിസിൻ വിഭാഗവും മാറ്റുന്നതാണ്. ഒന്നാംഘട്ടം പൂർണ്ണമായും മാറ്റുന്നതിന് സർജിക്കൽ ബ്ലോക്കിന്റെ ശീതീകരണ സമ്പ്രദായം ഏകദേശം പൂർത്തിയായി വരുന്നു. ഇതെല്ലാം തന്നെ മുളങ്കുന്നത്തുകാവിലേക്ക് മാറ്റുമ്പോൾ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസും, ഒരു പോലീസ് സ്റ്റേഷനും ആവശ്യമായി വരും. ഇതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സെല്ലാർ പോർഷന്റെ ഇലക്ട്രിഫിക്കേഷനുള്ള ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

108 [2540] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് പഴയ ജില്ലാ ആശുപത്രി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

ഉത്തരം

കാഞ്ഞങ്ങാട് പഴയ ജില്ലാ ആശുപത്രി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ആശുപത്രി വികസന സമിതികൾ

109 [2541] *ശ്രീ. എം. എം. ഹസ്സൻ:*
,, ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വികസന സമിതികൾ പിരിച്ചുവിട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly